**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6** **05-12-2022 - ൽ മറുപടിയ്ക്ക്**

**തീരദേശ പരിപാലന പ്ലാനിൽ ഉൾപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2011 ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്രപരിസ്ഥിതി വനം കാലാവസ്ഥ വ്യതിയാന മന്ത്രാലയം 2019 ൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിലെ പുതിയ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലുള്ള ഇളവുകൾ ലഭിക്കാനായി സംസ്ഥാന സർക്കാർ തയ്യാറാക്കുന്ന തീരദേശ പരിപാലന പ്ലാനിന് അംഗീകാരം ലഭിക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | 2019 ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരത്തെ ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. 2019 CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രം തീരദേശ പരിപാലന അതോറിറ്റിയ്ക്ക് (KCZMA) ലഭ്യമാക്കിയിട്ടുണ്ട്. ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രം തയ്യാറാക്കിയ 2019 പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും ഒരു വിദഗ്ധ സമിതി സർക്കാർ രൂപീകരിക്കുകയും ടി വിദഗ്ധ സമിതി പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ വിശദമായി പരിശോധിച്ച് സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ട് തത്ത്വത്തിൽ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തോട് ഇളവുകൾ ആവശ്യപ്പെട്ടിരുന്നു. കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയം അനുവദിച്ച ഇളവുകൾ ഡ്രാഫ്റ്റ് പ്ലാനിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറായി ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രം (NCESS)- ൽ നിന്ന് ലഭിച്ചാൽ ടി പ്ലാനിന്മേൽ 2019 CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ 10 തീരദേശ ജില്ലകളിലും പബ്ലിക് ഹിയറിംഗ് നടത്തുന്നതാണ്. പബ്ലിക് ഹിയറിംഗിൽ ലഭിക്കുന്ന അഭിപ്രായങ്ങൾ/ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ആയത് നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റിന്റെ ടെക്നിക്കൽ സ്ക്രൂട്ടിനി |

| | | | |
|---|---|---|---|
| | | | കമ്മിറ്റി മുമ്പാകെ സമർപ്പിക്കും. ടി അഭിപ്രായങ്ങൾ/ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കരട് തീരദേശ പരിപാലന പ്ലാനിൽ ടെക്നിക്കൽ സ്ക്രൂട്ടിണി കമ്മിറ്റി പരിശോധിച്ച് ആവശ്യമായ തിരുത്തൽ വരുത്തി കേരള സർക്കാരിന്റെ ശുപാർശയോടുകൂടി കരട് പ്ലാൻ 2023 ഏപ്രിൽ മാസത്തോട്ടു കൂടി നാഷണൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | വൈപ്പിൻ നിയോജക മണ്ഡലം ഉൾപ്പെടെയുള്ള കേരളത്തിലെ ചെറുതും വലുതുമായ 1826 തുരുത്തുകൾക്കും ദ്വീപുകൾക്കുമായുള്ള ഇന്റഗ്രേറ്റഡ് ഐലൻഡ് മാനേജ്മെന്റ് പ്ലാൻ (IIMP) തയ്യാറാക്കുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുത്ത് പ്ലാൻ തയ്യാറാക്കുമ്പോൾ തെരഞ്ഞെടുക്കേണ്ട രീതി സംബന്ധിച്ച് സ്പഷ്ടീകരണം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. 01.04.2022 ലെ DO No. IA3-12/7/2021-IA III No. കത്ത് പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 10 Ha ൽ കൂടുതൽ വിസ്തൃതിയുള്ള ദ്വീപുകൾക്ക് മാത്രം IIMP തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ഉള്ളൂ എന്നും ഇത് സംബന്ധിച്ച് കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റ് (NCSCM) തയ്യാറാക്കി പുറപ്പെടുവിക്കുന്നതാണെന്നും അറിയിക്കുകയും ചെയ്തു. തുടർന്ന് കരട് മാർഗ്ഗ നിർദ്ദേശങ്ങൾ NCSCM തയ്യാറാക്കി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ടി മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ IIMP തയ്യാറാക്കുന്നത് സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | CRZ (കോസ്റ്റൽ റെഗുലേഷൻ സോൺ ) വിജ്ഞാപനം 2019 ലെ പ്രധാന ഇളവുകളിൽ ഒന്നായ 2011 സെൻസസ് അടിസ്ഥാനത്തിൽ ഒരു സ്ക്വയർ കിലോമീറ്ററിലെ ജനസാന്ദ്രത 2126 ൽ കൂടുതലായതിനാൽ CRZ III Aയിലും ജനസാന്ദ്രത 2161 ൽ കുറവായതിനാൽ CRZ III Bയിലും ഉൾപ്പെട്ട വൈപ്പിൻകരയിലെ പഞ്ചായത്തുകൾ ഏതെല്ലാമെന്നും പ്രസ്തുത പഞ്ചായത്തുകളുടെ സ്ക്വയർ കിലോമീറ്ററും ജനസാന്ദ്രത എത്രയെന്നും വിശദമാക്കാമോ; | (സി) | 2019 CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള തീരദേശ പരിപാലന പ്ലാൻ ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രം (NCESS) തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. പ്രസ്തുത പ്ലാൻ NCESS ൽ നിന്ന് ലഭിച്ചാൽ മാത്രമെ ടി വിവരം അറിയുവാൻ കഴിയുകയുള്ളൂ. |
| (ഡി) | സംസ്ഥാനത്തെ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് ദ്വീപ് മണ്ഡലമായ വൈപ്പിൻകരയിലെ പഞ്ചായത്തുകളുടെ ജനവാസയോഗ്യമായ ഭൂമിയുടെ വിസ്തീർണ്ണവും ജനസാന്ദ്രതയും കുറവാണെന്ന വസ്തുത പഞ്ചായത്തുകളെ CRZ III A കാറ്റഗറിയിൽ ഉൾപ്പെടുത്തുന്നത് പരിഗണിച്ചിട്ടുണ്ടോ; | (ഡി) | കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച 2019 CRZ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പ്രകാരം 2011 ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ ഒരു ചതുരശ്ര കിലോമീറ്ററിനുള്ളിൽ 2161 – ലേറെ ജനസംഖ്യയുള്ള പ്രദേശങ്ങളാണ് CRZ III A ൽ ഉൾപ്പെടുന്നത്. 175 തീരദേശ പഞ്ചായത്തുകളെ CRZ II കാറ്റഗറിയായി തരം മാറ്റണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇതിൽ 66 എണ്ണം CRZ II ൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കാമെന്ന് കേന്ദ്ര വനം - പരിസ്ഥിതി -കാലാവസ്ഥാ വ്യതിയാന മന്ത്രാലയം |

| | | | |
|---|---|---|---|
| | | | അറിയിച്ചിട്ടുണ്ട്. കേവലം സാങ്കേതികമായ കാരണങ്ങളാൽ മാത്രം തീരദേശ പരിപാലന നിയമം പ്രതികൂലമായി ബാധിക്കുന്ന അവശേഷിക്കുന്ന പഞ്ചായത്തുകൾക്ക് കൂടി ഇളവ് ലഭ്യമാകുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ തുടരും.<br><br>പൊക്കാളി പാടങ്ങളെ സംബന്ധിച്ച് ഒരു സമഗ്ര പഠനം നടത്തുന്നതിനായി രൂപീകരിച്ച തീരദേശ പരിപാലന അതോറിറ്റിയുടെ സബ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശ പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് 2019 CRZ വിജ്ഞാപനത്തിൽ ഭേദഗതി വരുത്തണമെന്ന് ആവശ്യപ്പെടുകയുണ്ടായി. പൊക്കാളി പാടങ്ങളിൽ വേലിയേറ്റ രേഖ നിർണ്ണയിക്കുന്നത് സംബന്ധിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഭേദഗതി പുറപ്പെടുവിക്കുകയും, ഇതു പ്രകാരം 1991–ന് മുൻപ് നിർമ്മിച്ചിട്ടുള്ള ബണ്ടുകളാണെങ്കിൽ വേലിയേറ്റ രേഖ പ്രസ്തുത ബണ്ടുകളിൽ നിജപ്പെടുത്താവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (ഇ) | ഇല്ലെങ്കിൽ പൊക്കാളിപാടങ്ങളും തോടുകളും ആകെ ഭൂവിസ്തൃതിയിൽ ഭൂരിഭാഗവും കൈയ്യടക്കുന്ന വൈപ്പിൻകര പോലുള്ള പഞ്ചായത്തുകളെ ജനവാസയോഗ്യമായ ഭൂവിസ്തൃതിയുടെ അടിസ്ഥാനത്തിൽ CRZ III A കാറ്റഗറിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ഇ) | കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച 2019 CRZ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പ്രകാരം 2011 ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ ഒരു ചതുരശ്ര കിലോമീറ്ററിനുള്ളിൽ 2161 – ലേറെ ജനസാഖ്യയുള്ള പ്രദേശങ്ങളാണ് CRZ III A ൽ ഉൾപ്പെടുന്നത്. 175 തീരദേശ പഞ്ചായത്തുകളെ CRZ II കാറ്റഗറിയായി തരം മാറ്റണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇതിൽ 66 എണ്ണം CRZ II ൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കാമെന്ന് കേന്ദ്ര വനം - പരിസ്ഥിതി -കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അറിയിച്ചിട്ടുണ്ട്. കേവലം സാങ്കേതികമായ കാരണങ്ങളാൽ മാത്രം തീരദേശ പരിപാലന നിയമം പ്രതികൂലമായി ബാധിക്കുന്ന അവശേഷിക്കുന്ന പഞ്ചായത്തുകൾക്ക് കൂടി ഇളവ് ലഭ്യമാകുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ തുടരും.<br><br>പൊക്കാളി പാടങ്ങളെ സംബന്ധിച്ച് ഒരു സമഗ്ര പഠനം നടത്തുന്നതിനായി രൂപീകരിച്ച തീരദേശ പരിപാലന അതോറിറ്റിയുടെ സബ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശ പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് 2019 CRZ വിജ്ഞാപനത്തിൽ ഭേദഗതി വരുത്തണമെന്ന് ആവശ്യപ്പെടുകയുണ്ടായി. പൊക്കാളി പാടങ്ങളിൽ വേലിയേറ്റ രേഖ നിർണ്ണയിക്കുന്നത് സംബന്ധിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഭേദഗതി പുറപ്പെടുവിക്കുകയും, ഇതു പ്രകാരം 1991–ന് മുൻപ് |

| | | | |
|---|---|---|---|
| | | | നിർമ്മിച്ചിട്ടുള്ള ബണ്ടുകളാണെങ്കിൽ വേലിയേറ്റ രേഖ പ്രസ്തുത ബണ്ടുകളിൽ നിജപ്പെടുത്താവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ